തൊഴിലില്ലായ്മ വേതനം

* 96. [101] ശ്രീ. ടി. കെ. ഹംസ :

,, കോടിയേരി ബാലകൃഷ്ണൻ :

,, എൻ. ചന്ദ്രശേഖരക്കുറുപ്പ് :

,, ഒ. ഭരതൻ :

,, വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലില്ലായ്മ വേതനം നൽകുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണ് ;

(ബി) പ്രഖ്യാപിക്കപ്പെട്ട നിബന്ധനകൾക്ക് വിധേയമായി കഴിഞ്ഞ 4 വർഷത്തിനുള്ളിൽ മൊത്തം എത്ര അപേക്ഷകളിൻമേൽ തീരുമാനമെടുത്തിട്ടുണ്ട് ;

(സി) എത്ര അപേക്ഷകളിൻമേൽ ഇനി തീരുമാനം എടുക്കാനുണ്ട് ;

(ഡി) പരിശോധിച്ച് തീരുമാനമെടുത്തിട്ടുള്ളതിൽ എത്ര അപേക്ഷകർക്ക് വേതനം നൽകി ;

(ഇ) 1985-86-ൽ ഇതുവരെ എത്ര രൂപ തൊഴിലില്ലായ്മ വേതനമായി നൽകി ;

(എഫ്) തൊഴിലില്ലായ്മ വേതന പദ്ധതി നിർത്തലാക്കാൻ വല്ല ആലോചനയുമുണ്ടോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) 12-11-1982-ലെ സർക്കാർ ഉത്തരവ് (പി) 40/82 തൊഴിൽ അനുസരിച്ച് 3 കൊല്ലത്തിൽ കുറയാത്ത എംപ്ലോയ്മെൻറ് രജിസ്ട്രേഷനും (വികലാംഗർക്ക് 2 വർഷം) എസ്. എസ്. എൽ. സി. പരീക്ഷായോഗ്യതയും (പട്ടികജാതി പട്ടികവർഗ്ഗക്കാരായ അപേക്ഷകർ എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് ചേർന്നിരുന്നാൽ മതിയാകും) 18-നും 35-നും മദ്ധ്യേ പ്രായവും 4,000 രൂപയ്ക്ക് താഴെ കുടുംബ വാർഷിക വരുമാനമുള്ളവരും തൊഴിലില്ലായ്മ വേതനത്തിന് അർഹരാണ് .

(ബി) 3,31,430 (മൂന്നു ലക്ഷത്തി മുപ്പത്തോരായിരത്തി നാനൂറ്റി മുപ്പത്) അപേക്ഷകളിൽ തീരുമാനമെടുത്തിട്ടുണ്ട്.

(സി) ഇനിയും 26,179 (ഇരുപത്തി ആറായിരത്തി നൂറ്റി എഴുപത്തി ഒൻപത്) അപേക്ഷകളിൽ തീരുമാനം എടുക്കാനുണ്ട്.

(ഡി) 1,96,592 (ഒരു ലക്ഷത്തിതൊണ്ണൂറായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി രണ്ട്) പേർക്ക് വേതനം നൽകികൊണ്ടിരിക്കുന്നു.

(ഇ) 15-3-1986 വരെ 10,11,63,750 രൂപ (പത്തുകോടി പതിനൊന്നു ലക്ഷത്തി അറുപത്തിമൂവായിരത്തി എഴുനൂറ്റി അൻപതു രൂപ) കൊടുത്തു കഴിഞ്ഞു. മൊത്തം അനുവദിച്ച 12 കോടി രൂപയിൽ ബാക്കി കൊടുത്തു കൊണ്ടിരിക്കുന്നു. അതും കൂടി 31-3-1986-നു മുൻപെ കൊടുക്കുന്നതായിരിക്കും.

(എഫ്) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly